(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം അറിയുന്നതിനുവേണ്ടി നടത്തിയ ഏകദിന വെരിഫിക്കേഷൻ നടന്ന ദിവസം എന്നായിരുന്നു ;

(ബി) അന്ന് ഒരു സ്കൂളിലേക്ക് കാൽനടയായി പോയ കുട്ടികളെ മറ്റൊരു സ്കൂളിൽ നിന്നും വാഹനത്തിലെത്തി ആ സ്കൂളിലേക്ക് കൊണ്ടുപോയതായി പരാതി ലഭിച്ചുവോ ;

(സി) ഉണ്ടെങ്കിൽ ഏത് സ്കൂളിൽ പോയ കുട്ടികളെയെല്ലാമാണ് ഇപ്രകാരം ജീപ്പിൽ കയറ്റികൊണ്ട് പോയത് ;

(ഡി) ഇതിന്റെ ഫലമായി ഏതെല്ലാം സ്കൂളുകളിൽ ഡിവിഷൻ ഫാൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25-6-2003.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാനും ഇന്റർനെറ്റ് ബന്ധം ഉപയോഗിക്കാനും നടപടി

157 (2876) ശ്രീമതി രാധാ രാഘവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പഠനാവശ്യത്തിനായി കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) എത്ര സ്കൂളുകൾക്ക് ഇന്റർനെറ്റ് ബന്ധവും വെബ്സൈറ്റും ഉണ്ട് ;

(സി) എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കാനും ഇന്റർനെറ്റ് ബന്ധം ഉപയോഗിക്കാനും ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ ലക്ഷ്യം എന്നേയ്ക്ക് നേടുവാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1304 സ്കൂളുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 268 സ്കൂളുകൾക്ക് ഇന്റർനെറ്റ് ബന്ധം ഉണ്ട്. വെബ്സൈറ്റിന്റെ കണക്ഷൻ ലഭ്യമല്ല.

(സി) ഉണ്ട്.

(ഡി) 2004-2005 വർഷാവസാനത്തോടെ.

കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി

158 (2878) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഡിഗ്രിയും, പി.ജി.ഡി.സി.എ. ഫസ്റ്റ് ക്ലാസ്സ് യോഗ്യതയുള്ള വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, പി.എസ്.സി. മുഖേനയോ സ്ഥിരമായി ഈ അദ്ധ്യയന വർഷം മുതൽ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത വിദ്യാഭ്യാസ യോഗ്യത നേടിയവരെ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്കൂളുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർ വിദ്യാഭ്യാസം നടത്തുന്നത് നിലവിലുള്ള സ്കൂൾ അദ്ധ്യാപകരാണ്. ഇവരെ പ്രാക്റ്റിക്കലിനും മറ്റും സഹായിക്കാൻ വേണ്ടി മാത്രമാണ് കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നത്. കമ്പ്യൂട്ടർ അദ്ധ്യാപകരെന്ന നിലയിലോ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാർ എന്ന നിലയിലോ ഹൈസ്കൂളുകളിൽ പുതിയ തസ്തികയൊന്നും ഐ.റ്റി.അറ്റ് സ്കൂളിന്റെ ഭാഗമായി സൃഷ്ടിച്ചിട്ടില്ല. ഇക്കാരണത്താൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഉള്ള സ്ഥിര നിയമനം സാദ്ധ്യമല്ല.

(സി) ഇങ്ങനെയാരു നിർദ്ദേശം തൽക്കാലം പരിഗണനയിലില്ല.

പി. ടി.എ. കളുടെ പ്രവർത്തനം

159 (2879) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം തലങ്ങളിലുള്ള സ്കൂളുകളിൽ പി.ടി.എ. കമ്മിറ്റികൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly